**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4836** **11-08-2021 - ൽ മറുപടിയ്ക്ക്**

**കേരള ആന്റി ടെറർ സ്ക്വാഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള പ്രദേശങ്ങളിലെ പ്രതിരോധ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് കേരള ആന്റി ടെറർ സ്ക്വാഡ് രൂപീകരിച്ച തീയതി അറിയിക്കാമോ; സ്ക്വാഡിന്റെ ഘടനയും ഉദ്യോഗസ്ഥരുടെ തെരഞ്ഞെടുപ്പും നിയമന കാലാവധിയും വിശദമാക്കാമോ; | (എ) | 19.12.2013 തീയതിയിലെ സ.ഉ (എം.എസ്) 303/2013/ആഭ്യന്തരം പ്രകാരമാണ് സംസ്ഥാനത്ത് കേരള തീവ്രവാദ വിരുദ്ധ സ്ക്വാഡ് (KATS) രൂപീകരിച്ചിട്ടുള്ളത്. 11.12.2020 തീയതിയിലെ സ.ഉ (സാധാ)നം.2868/2020/ആഭ്യന്തരം പ്രകാരം ഇതിന്റെ പേര് Special Operation Group (SOG) എന്ന് പുനർനാമകരണം ചെയ്തിട്ടുള്ളതാണ്. പ്രസ്തുത സ്ക്വാഡിന്റെ ഘടനയും ഉദ്യോഗസ്ഥരുടെ തെരഞ്ഞെടുപ്പ്, നിയമന കാലാവധിയും വിശദമാക്കുന്ന സംസ്ഥാന പോലീസ് മേധാവിയുടെ 08.11.2017 തീയതിയിലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നം.39/2017 ന്റെ പകർപ്പ് ഇതൊടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | കെ.എ.റ്റി.എസ് ഇന്റലിജൻസ് വിഭാഗത്തിലെ അംഗങ്ങളായി ലോക്കൽ സ്റ്റേഷനുകളിലെ എത്ര പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചുവെന്നും എന്നാണ് ഇവരെ നിയമിച്ചതെന്നും എത്ര വർഷമായി ഇവർ മാറ്റമില്ലാതെ ഇന്റലിജൻസ് വിഭാഗത്തിൽ തന്നെ തുടരുന്നുവെന്നും അറിയിക്കാമോ; കെ.എ.റ്റി.എസ് അംഗങ്ങൾക്ക് മൂന്ന് വർഷത്തെ സേവന കാലാവധി എന്ന, പോലീസ് ആസ്ഥാനത്തെ 08.11.2017-ാം തീയതിയിലെ 39/2017 നമ്പർ എക്സിക്യൂട്ടീവ് ഡിറക്ടീവ് കെ.എ.റ്റി.എസ് ഇന്റലിജൻസ് വിഭാഗത്തിന് ബാധകമാണോ എന്ന് അറിയിക്കാമോ; | (ബി) | കെ.എ.റ്റി.എസ് ഇന്റലിജൻസ് വിഭാഗത്തിലെ അംഗങ്ങളായി ലോക്കൽ പോലീസ് സ്റ്റേഷനിൽ നിന്നും 38 പേരെ നിയമിച്ചിട്ടുണ്ട്. ഇവരിൽ 2014-ൽ 27 പേരെയും, 2015-ൽ ഒരാളെയും, 2016-ൽ മൂന്നു പേരെയും, 2020-ൽ 7 പേരെയും, വിവിധ കാലഘട്ടങ്ങളിലായി ഇന്റലിജൻസ് വിഭാഗത്തിൽ നിയമിച്ചിട്ടുള്ളതും നിലവിൽ പ്രവർത്തിയെടുത്തു വരുന്നതുമാണ്. സംസ്ഥാന പോലീസ് മേധാവിയുടെ 08.11.2017-തീയതിയിലെ എക്സിക്യൂട്ടിവ് ഡയറക്ടീവ് നം.39/2017 പ്രകാരം ലോക്കൽ പോലീസ് സ്റ്റേഷനിൽ നിന്ന് കെ.എ.റ്റി.എസ് വിഭാഗത്തിലേക്ക് 3 വർഷത്തേക്ക് അറ്റാച്ച് ചെയ്യാവുന്നതാണ്. പ്രത്യേക പരിശീലനം നേടിയ പ്രസ്തുത ഉദ്യോഗസ്ഥരുടെ പ്രവർത്തന മികവും ശാരീരിക ക്ഷമതയും ജനങ്ങളുടെ സുരക്ഷയും കണക്കിലെടുത്ത് അതാത് ജില്ലാ പോലീസ് മേധാവിമാർക്ക് കാലാവധി നീട്ടാവുന്നതാണ്. |
| (സി) | കെ.എ.റ്റി.എസ് സ്ക്വാഡിലുള്ള ഉദ്യോഗസ്ഥർക്ക് അവരുടെ റാങ്ക് അനുസരിച്ച് നൽകുന്ന പ്രത്യേക | (സി) | 10.02.2021 തീയതിയിലെ സ.ഉ(പി) നം.27/2021/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ |

| | | | |
|---|---|---|---|
| | ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും അധിക അലവൻസ് എത്രയാണ് നൽകുന്നതെന്നും അറിയിയ്ക്കാമോ; ഈ ആനുകൂല്യം മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള പ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകളിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും അനുവദിക്കാതിരിക്കുന്നത് വിവേചനപരമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ഓപ്പറേഷൻസ് ഗ്രൂപ്പിലെ സേനാംഗങ്ങൾക്ക് 50% Anti Naxal Operation Special risk allowance ആയി നൽകിവരുന്നുണ്ട്. കൂടാതെ Ration Money Allowance ആയി മാസത്തിൽ 1000 രൂപയും, Uniform allowance ആയി വർഷത്തിൽ 10000 രൂപയും നൽകിവരുന്നുണ്ട്. ആന്റി നക്സൽ ഓപ്പറേഷനുവേണ്ടി പ്രത്യേകം നിയമിക്കപ്പെടുന്നവർക്ക് മാത്രമാണ് മേൽ അലവൻസുകൾ നിലവിൽ നൽകി വരുന്നത്. മാവോയിസ്റ്റ് ഭീഷണി നേരിടുന്ന സ്ഥലങ്ങളിലെ പോലീസ് സ്റ്റേഷനുകളിൽ ഒറ്റപ്പെട്ട പ്രദേശങ്ങളിലും കോളനികളിലും ദൈനംദിന ഡ്യൂട്ടിയുടെ ഭാഗമായി പോലീസുകാർ പോകുമ്പോൾ സായുധരായ സേനാംഗങ്ങൾ അനുഗമിക്കാറുണ്ട്. കെ.എ.റ്റി.എസ് അംഗങ്ങൾക്ക് നൽകുന്ന പ്രത്യേക ആനുകൂല്യങ്ങൾ പ്രസ്തുത പോലീസ് സ്റ്റേഷനുകളിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും അനുവദിക്കുന്നത് പരിഗണനയിലില്ല. |
| (ഡി) | മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ളതായി കണ്ടെത്തിയ പ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകളിലെ മുഴുവൻ ഉദ്യോഗസ്ഥരും ദൈനംദിന ജോലികളുടെ ഭാഗമായി മാവോയിസ്റ്റ് ഭീഷണി നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സാഹചര്യത്തിൽ കെ.എ.റ്റി.എസ് അംഗങ്ങൾക്ക് നൽകുന്ന പ്രത്യേക ആനുകൂല്യങ്ങൾ പ്രസ്തുത പോലീസ് സ്റ്റേഷനുകളിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | 10.02.2021 തീയതിയിലെ സ.ഉ(പി) നം.27/2021/ ഫിൻ. നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പിലെ സേനാംഗങ്ങൾക്ക് 50% Anti Naxal Operation Special risk allowance ആയി നൽകിവരുന്നുണ്ട്. കൂടാതെ Ration Money Allowance ആയി മാസത്തിൽ 1000 രൂപയും, Uniform allowance ആയി വർഷത്തിൽ 10000 രൂപയും നൽകിവരുന്നുണ്ട്. ആന്റി നക്സൽ ഓപ്പറേഷനുവേണ്ടി പ്രത്യേകം നിയമിക്കപ്പെടുന്നവർക്ക് മാത്രമാണ് മേൽ അലവൻസുകൾ നിലവിൽ നൽകി വരുന്നത്. മാവോയിസ്റ്റ് ഭീഷണി നേരിടുന്ന സ്ഥലങ്ങളിലെ പോലീസ് സ്റ്റേഷനുകളിൽ ഒറ്റപ്പെട്ട പ്രദേശങ്ങളിലും കോളനികളിലും ദൈനംദിന ഡ്യൂട്ടിയുടെ ഭാഗമായി പോലീസുകാർ പോകുമ്പോൾ സായുധരായ സേനാംഗങ്ങൾ അനുഗമിക്കാറുണ്ട്. കെ.എ.റ്റി.എസ് അംഗങ്ങൾക്ക് നൽകുന്ന പ്രത്യേക ആനുകൂല്യങ്ങൾ പ്രസ്തുത പോലീസ് സ്റ്റേഷനുകളിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും അനുവദിക്കുന്നത് പരിഗണനയിലില്ല. |
| (ഇ) | കെ.എ.റ്റി.എസ് ഇന്റലിജൻസ് വിഭാഗത്തിൽ നിലവിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ ആന്റി-എൽ.ഡബ്ല്യൂ.ഇ. ട്രെയിനിംഗ് പൂർത്തീകരിച്ചവരാണോ എന്നറിയിക്കാമോ; കെ.എ.റ്റി.എസ് സ്ക്വാഡിലേയ്ക്ക് ഇന്റലിജൻസ് ആന്റി-എൽ.ഡബ്ല്യൂ.ഇ. ട്രയിനിംഗ് പൂർത്തിയാക്കിയ പോലീസ് ഉദ്യോഗസ്ഥരെ പുതുതായി ഉൾപ്പെടുത്തുന്നതിന് സർക്കാർ | (ഇ) | നിലവിൽ വയനാട് ജില്ലയിൽ ഇന്റലിജൻസ് വിഭാഗത്തിൽ ഡ്യൂട്ടി ചെയ്ത് വരുന്ന മൂന്ന് പേർ ഒഴികെ മറ്റു എല്ലാ സേനാംഗങ്ങളും ആന്റി എൽ.ഡബ്ല്യൂ.ഇ ട്രെയിനിങ്ങ് പൂർത്തിയാക്കിയവരാണ്. ഈ വിഭാഗത്തിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് നികത്തുന്ന മുറയ്ക്ക് ഇക്കാര്യം സംസ്ഥാന പോലീസ് മേധാവി തലത്തിൽ പരിശോധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

SECRET

No. T3 / 67548/ 2017
Police Headquarters,
Kerala, Thiruvananthapuram
Date : 08/11/2017

## EXECUTIVE DIRECTIVE No. 39 /2017

**Sub : - LWE - Appointment of Police personnel to Kerala Anti Terror Squad (KATS) - Guide lines - Reg:**

The Kerala Anti Terror Squad (KATS) was established with an objective to efficiently tackle the Maoist (LWE) issues prevailing in the northern districts of Kerala. However certain uncertainties with regard to the Operational / functional structure of the Squad are noticed among the concerned officers.

In view of the same, following clarifications are being issued by the undersigned:

**Structure of KATS**

The Kerala Anti Terror Squad(KATS) is generally divided into 2 units, namely "Thunder Bolt Commando Force of IR Bn of Kerala (K.T.C.F)" and "Anti-Naxal Force (ANF)". The commandos of Thunder Bolt shall fully be under the command and control of the State Police Chief, Kerala. However, the operations to be held in the field will be commanded, coordinated by the Superintendent of Police (Operations) and in his absence Supdt. of Police, ATF. Willing Personnel from the IR Bn will be trained and deputed as Thunder Bolt Commandos, as and when required.

The Anti-Naxal Force(ANF) which is to be deployed in the 5 LWE affected districts will consist of personnel from Battalions, other districts and from their respective local district strengths as well. The decided strength of Anti-Naxal Force for each LWE affected district are:

Palakkad - 150 (50 from Battalions & other districts + 100 from local)

Malappuram - 150 (50 from Battalions & other districts + 100 from local)

Kozhikode Rural - 100 (50 from Battalions & other districts + 50 from local)

Wayanad - 150 (100 from Battalions & other districts + 50 from local)

Kannur - 100 (50 from Battalions & other districts + 50 from local)

**Selection & Training**

The willing personnel from local strength for each affected district will be identified by the concerned DPCs and the willing personnel from the Battalion for each district will be identified by the ADGP, AP Bn. Other DPCs may also select maximum number of willing hands to work in Anti Naxal Force. The SP (Operations) will provide training in Anti LWE Operations for the willing personnel for a period of one month. Necessary orders for attaching the trained personnel from Battalion and other districts will be issued by the State Police Chief and for those from district strength will be issued by the concerned DPCs.

**Deployment & Nature of duty**

The personnel from the Battalion will be attached initially to the ANF for a period of 3 years, which can later be extended to another 2 more years subject to their eligibility as assessed by the SP (Operations). The personnel from local strength will also be attached for a period of 3 years, which can later be extended subject to their physical and mental fitness. The concerned DPC will make for the shortfall.

The attached personnel must be deployed in LWE affected Police Stations, AR Camps, Wireless Stations or any other critical / sensitive infrastructures of force by each of five DPCs in consultation with SP (Operations). They should be used for guard duty, fringe patrolling and area domination under proper supervision. Backhand duties like collection

of Intelligence from field, imparting weapon training etc. to be done by them. Adequate weapons & ammunitions will be provided to them. Regular trainings to be given to them.

**Special Benefits to the personnel**

All the personnel working in Kerala Anti Terror Squad (KATS) irrespective of their rank and parent unit will be eligible for Special allowance / benefits as per the GO (MS) No.198/2014/Home dated 13.10.2014 with effect from their date of commencement of Anti-LWE training.

Currently the Anti Naxal Force is short of personnel from the decided strength. In order to fill this shortage, the ADGP, AP Bn and DPCs of LWE affected districts (except DPC, Wayanad) are instructed to forward nominations of willing personnel to the PHQ for issuing necessary orders for the commencement of their training. Similarly, DIG AP Bn as a representative of the SPC will collect the list of willing personnel from other 14 districts and select them with due suitability standard available in consultation with SP (Ops). On completion of training, the personnel from battalion will be deputed for operation in one of the LWE affected districts of their choice to the extent possible. The trained personnel from the local district strengths of the 5 districts will be deployed in their respective districts by their concerned DPCs.

8/11/2017
Loknath Behera IPS
Director General of Police &
State Police Chief

To: All District Police Chiefs
Copy to: ADGP AP Bn / DIG AP Bn / SP (Ops) / SP, ATF
" : ED Register / Stock File